കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-1/1955/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –21/12/2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് 2016-2017 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016–2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കൊല്ലം.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-1/1955/2017 തീയതി: 21/12/2017

## കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09-11-2016 മുതൽ 07-10-2017 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജി.ബിനുകുമാർ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09-10-2017 മുതൽ 21-10-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സിജാറാണി.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എൽ.പത്മകുമാരി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ(09-10-17മുതൽ |

| | | |
|---|---|---|
| | | 14-10-2017 വരെ) |
| | ശ്രീമതി.ഷീബാകൃഷ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ(16-10-2017 മുതൽ 21-10-2017 വരെ) |
| | ശ്രീ.അനീഷ്.വി.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.സി.ജോസ് | 01-04-2016മുതൽ 31-03-2017വരെ |
| സെക്രട്ടറി | ശ്രീമതി.ജിജിമോൾ അലക്സ് | 01-04-2016മുതൽ 20-04-2016 വരെ |
| | ശ്രീ.ജഗൽപ്രസാദ്,ജൂനിയർ സൂപ്രണ്ട്(സെക്രട്ടറിയുടെ ചുമതല) | 21-04-2016 മുതൽ 30-04-2016 വരെ |
| | ശ്രീമതി.ജിജിമോൾ അലക്സ് | 01-05-2016 മുതൽ 05-06-2016 വരെ |
| | ശ്രീമതി.ലത,അസിസ്റ്റന്റ് സെക്രട്ടറി(സെക്രട്ടറിയുടെ ചുമതല). | 06-06-2016 മുതൽ 04-07-2016 വരെ |
| | ശ്രീമതി.ജിജിമോൾ അലക്സ് | 05-07-2016മുതൽ 30-07-2016വരെ |
| | ശ്രീ.സഞ്ജയൻ.എസ് | 01-08-2016മുതൽ 31-03-2017വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ലത.എ | 01-04-2016 മുതൽ 31-03-2017 വരെ |
| വി.ഇ.ഒ,അറയ്ക്കൽ | ശ്രീ.ഹരിലാൽ.എം.എസ് | 01-04-2016 മുതൽ 31-03-2017 വരെ |
| വി.ഇ.ഒ,ഇടമുളയ്ക്കൽ | ശ്രീമതി.ജാൻസി | 01-04-2016 മുതൽ 27-07-2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഗ്രീഷ്മ.എസ് | 01-04-2016 മുതൽ 31-03-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.കെ.ആർ.സന്തോഷ് | 01-04-2016 മുതൽ 31-03-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.രശ്മി.പി.എസ് | 01-04-2016 മുതൽ 27-08-2016 വരെ |
| | ശ്രീമതി.ഷീബ.എ.എസ് | 28-08-2016 മുതൽ 31-03-2017 വരെ |

| | | |
|---|---|---|
| ഡയറി ഇൻസ്ട്രക്ടർ | ശ്രീ.അജിത്ത്കുമാർ.സി | 01-04-2016 മുതൽ<br>31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | ഡോ.അജിതാകുമാരി.കെ.ബി | 01-04-2016 മുതൽ<br>31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.അസുന്ധ മേരി | 01-04-2016 മുതൽ<br>31-03-2017 വരെ |
| ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ.പി.എസ് | ശ്രീമതി.സായിദ | 01-04-2016 മുതൽ<br>31-03-2017 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതുവരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം -2 | |
| 12 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല | 2-1 |
| 13 | രസീതുപരിശോധന -കുടിശ്ശിക തുക പൂർണമായും ഒടുക്കാത്തവർക്കും പിഴപ്പലിശ ഒഴിവാക്കി-1,632/-രൂപ വരവ് നഷ്ടം | 2-2 |
| 14 | രസീതുപ്രകാരം പിരിച്ചതിൽ അധികമായി 15,899/- രൂപ വരവായി രേഖപ്പെടുത്തി | 2-3 |
| 15 | ലേല നിബന്ധനപ്രകാരമുള്ള പലിശ ഈടാക്കിയില്ല - 11,048 രൂപയുടെ വരവ് നഷ്ടം | 2-4 |
| 16 | വസ്തുനികുതി നിർണയിച്ച് സഞ്ചയ ഡിമാന്റ് ചെയ്തതിൽ 994/- രൂപയുടെ കുറവ് | 2-5 |
| 17 | സഞ്ചയ ഡിമാന്റ് പരിശോധിക്കാതെ വസ്തുനികുതി ഈടാക്കുന്നു - ഒഴിവാക്കപ്പെട്ട കുടിശ്ശിക കാലഹരണപ്പെടുന്നു | 2-6 |
| 18 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് | 2-7 |

| | | |
|---|---|---|
| | ഫണ്ടിൽ മുതൽക്കൂട്ടണം | |
| 19 | ഇ - ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ് | 2-8 |
| | ഭാഗം -3 | |
| 20 | വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക സമയബന്ധിതമായി ചെലവഴിക്കാതിരുന്നതിനാൽ വൻതുക നഷ്ടപ്പെട്ടു | 3-1 |
| 21 | ഏറ്റവും കുറഞ്ഞനിരക്കുകൾ അംഗികരിക്കാതെ വാങ്ങൽ നടത്തിയിരിക്കുന്നു | 3-2 |
| 22 | വിനിയോഗവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-3 |
| 23 | കന്നുകുട്ടി പരിപാലനംപദ്ധതി -വിനിയോഗരേഖകൾ ലഭ്യമാക്കാത്ത് | 3-4 |
| 24 | എസ്.എസ്.എ.വിഹിതം- ധനവിനിയോഗരേഖകൾ ലഭ്യമാക്കിയില്ല. | 3-5 |
| 25 | തെങ്ങുകയറ്റയന്ത്രംവാങ്ങൽ -വ്യക്തികൾക്ക് സബ്സിഡി നല്കി. | 3-6 |
| 26 | പാലിയേറ്റീവ് കെയർ പദ്ധതി -മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കാത്തത് സംബന്ധിച്ച് | 3-7 |
| 27 | വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതികളുടെ പരിശോധന | 3-8 |

| | ഭാഗം -4 | |
|---|---|---|
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 05-03-2016 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 03-07-2017 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 09-10-2017 | ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. |

1)സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായമിനത്തിൽ തൻവർഷം 3,90,000/-രൂപ വരവുചെലവുണ്ട്. എന്നാൽ ടി വരവു-ചെലവുകൾ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

2)വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ ഡിസിബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തൽ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3)Total Sanitation Campaign ഫണ്ടിന്റെ മുൻബാക്കി 15,95,031/-രൂപയും തൻവർഷത്തെ വരവ് 18,88,031/-രൂപയും ആണ്. ആകെ 34,83,062/- രൂപയിൽ വി.ഇ.ഒ ചെലവഴിച്ച തുക 12,00,000/-രൂപ കഴികെ ബാക്കി തുക 22,83,062/-രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക 21,05,829/-രൂപയാണ്.

(ഓഡിറ്റുചെയ്ത വാർഷികധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,31,32,616 |
| വരവ് | 6,80,88,092 |
| ആകെ | 11,12,20,708 |
| ചെലവ് | 5,87,46,761 |
| നീക്കിയിരിപ്പ് | 5,24,73,947 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 1,54,08,815 | 1,54,08,815 | 1,54,08,815 | - | 100 |
| വികസനഫണ്ട് എസ്.സി.പി. | - | 76,51,007 | 76,51,007 | 76,51,007 | _ | 100 |
| വികസനഫണ്ട് ടി.എസ്.പി. | - | 58,269 | 58,269 | 58,269 | - | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | - | 16,66,607 | 16,66,607 | 16,66,607 | - | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 30,17,445 | 30,17,445 | 30,17,445 | - | 100 |
| ധനകാര്യ കമ്മീഷൻ | - | 47,97,654 | 47,97,654 | 47,97,654 | - | 100 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് | | | | | | |
| പെർഫോമൻസ് ഗ്രാന്റ് | - | 19,45,790 | 19,45,790 | 19,45,790 | - | 100 |
| എം.എൻ.ആർ .ഇ.ജി.എസ്. | 949 | 12,64,873 | 12,65,822 | 11,88,521 | 77,301 | 94 |
| ബി ഫണ്ട് | - | 6,53,31,395 | 6,53,31,395 | 6,53,31,395 | - | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റുവർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 202 | 9,29,65,506 | 120 | 3,96,28,765 | - | 82 | 59 |

## 1-7 തനതുവരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതുവരുമാനത്തിൽ താഴെപ്പറയുംപ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 61,85,771 | 83,47,720 | 21,61,949 |
| നികുതിയേതര വരവുകൾ | 11,68,056 | 23,30,458 | 11,62,402 |
| മറ്റുവരവുകൾ | 8,59,052 | 1,30,68,372 | 1,22,09,320 |
| ആകെ | 82,12,879 | 2,37,46,550 | 1,55,33,671 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6,56,640 | 741 |
| കർഷകതൊഴിലാളി പെൻഷൻ | 63,13,570 | 763 |
| വാർദ്ധക്യകാലപെൻഷൻ | 3,21,13,835 | 3,050 |
| വികലാംഗപെൻഷൻ | 49,97,430 | 442 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,75,580 | 46 |
| വിധവാപെൻഷൻ | 2,08,74,340 | 1,917 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പുപ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-10-2017-ന് സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,024/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1)നിർവ്വഹണ ഉദ്യോഗസ്ഥരുടെ രജിസ്റ്ററുകൾ, നിർവ്വഹണരേഖകൾ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വാർഷികധനകാര്യപത്രികയുടെ പരിശോധനയ്ക്കാവശ്യമായ രേഖകളെല്ലാം ഹാജരാക്കി.

2) ധനാഗമ-ധനവിനിയോഗം സംബന്ധിച്ചുള്ള ഉത്തരവ്-ജി.ഒ.(പി)177/2006/12-04-06 ഖണ്ഡിക18-3 പ്രകാരം നിർവ്വഹണഉദ്യോഗസ്ഥർ റ്റി.ആർ 7A കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടേയും വരവ്-ചെലവ് വിവരം രേഖപ്പെടുത്തണം. എന്നാൽ ഗ്രാമപഞ്ചായത്തിലെ പ്രധാന നിർവ്വഹണ ഉദ്യോഗസ്ഥരായ കൃഷി ഓഫീസർ,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എം.ഒ-പി.എച്ച്.സി, എച്ച്.എം-ജി.യു.പി.എസ് എന്നിവർ റ്റി.ആർ 7A കാഷ് ബുക്കിൽ വരവ്-ചെലവ് വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3) തനതുഫണ്ട് വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-08-2017 | 07/2017 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-09-2017 | 2012-13 മുതൽ 2016-17 വരെയുള്ള ഫോളോ അപ്പ് ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ചില്ല |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

ചെറുപുഷ്പം സെൻട്രൽ സ്കൂൾ, ആയൂർ എന്ന സ്ഥാപനത്തിൽനിന്നും രണ്ട് അർദ്ധവർഷങ്ങളിലും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.ആയത് ഈടാക്കി ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

### 2-2 രസീതുപരിശോധന -കുടിശ്ശിക തുക പൂർണമായും ഒടുക്കാത്തവർക്കും പിഴപ്പലിശ ഒഴിവാക്കി-1,632രൂപ വരവ് നഷ്ടം

സ.ഉ (സാധാ) നം. 3039/2016തസ്വഭവ തീയതി 07/11/2016, സ.ഉ (സാധാ) നം. 278/2017/തസ്വഭവ തീയതി 01/02/2017 എന്നിവപ്രകാരം വസ്തു നികുതി കുടിശ്ശികക്കാർ ഒറ്റ തവണയായി കുടിശ്ശിക അടയ്ക്കുന്നപക്ഷം പിഴപ്പലിശ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ മേൽ ആനുകൂല്യം കുടിശ്ശിക പൂർണമായും അടയ്ക്കാത്തവർക്കും നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ. നം | കെട്ടിട നം | രസീത് നം | തീയതി | രസീത് പ്രകാരം വസ്തു നികുതി | | | | അർദ്ധ വർഷ വസ്തു നികുതി | പലിശ ശതമാനം (1%) | ഈടാക്കേണ്ടിയിരുന്ന പലിശ |
|---|---|---|---|---|---|---|---|---|---|---|
| | | | | വർഷം | വസ്തു നികുതി | ലൈബ്രറി സെസ് | ആകെ | | | |
| 1 | II/321 നജീബ് ഖാൻ | 40/ 39096 | 20/12/2016 | 2014-15 | 535 | 27 | 562 | 268 | 48 | 129 |
| 2 | III/96 റാസപ്പ റാവുത്തർ | 82/ 39096 | 09/02/2017 | 2015-16 | 1314 | 66 | 1380 | 657 | 28 | 184 |
| 3 | XIII/156 സജി (2013-14 | 18/ 39098 | 30/12/2016 | 2015-16 | 5859 | 293 | 6152 | 1811 | 24 | 435 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ൽ 437 രൂപ കുടിശ്ശിക യുണ്ട്) | | | | | | | | | |
| 4 | XIII/1060 ശ്രീജിത്ത് | 27/ 39098 | 31/12/2016 | 2014-15 2015-16 | 2892 | 146 | 3038 | 723 | 72 | 521 |
| 5 | XIII/207 സോമശേ ഖരൻ നായർ | 37/ 39098 | 31/12/2016 | 2015-16 | 3023 | 152 | 3175 | 1512 | 24 | 363 |
| | ആകെ | | | | | | | | | 1632 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/20-10-2017) ലഭ്യമാക്കിയ മറുപടിയിൽ, മേൽതുക കെട്ടിടഉടമകളിൽനിന്ന് ഈടാക്കാം എന്ന് പരാമർശിച്ചിട്ടുണ്ട്. തുക ഈടാക്കാൻ കഴിയാത്തപക്ഷം മേൽ പരാമർശിച്ച രസീതുകൾ കൈകാര്യം ചെയ്ത ശ്രീ.മുഹമ്മദ് ഷാൻ, ശ്രീ.ലിഗേഷ് ഒ.ജി. എന്നിവരിൽനിന്ന് യഥാക്രമം 313/-രൂപ, 1,319/-രൂപ വീതം ഈടാക്കേണ്ടതാണ്.

## 2-3 <u>രസീതുപ്രകാരം പിരിച്ചതിൽ അധികമായി **15,899/-** രൂപ വരവായി രേഖപ്പെടുത്തി</u>

വസ്തുനികുതി ഇനത്തിൽ മാന്വൽ രസീതുപ്രകാരം പിരിച്ച തുകയിൽനിന്നും അധികമായി 15,899/-രൂപ വരവുവന്നതായി സഞ്ചയയിൽ രേഖപ്പെടുത്തിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം /ഉടമ | രസീത് നം / തീയതി/ വർഷം | വസ്തു നികുതി ഇനത്തിൽ മാന്വൽ രസീത് പ്രകാരം പിരിച്ച തുക | ഇതേ രസീത് പ്രകാരം സഞ്ചയ യിൽ വരവ് വന്നതാ യി രേഖ പ്പെടു ത്തിയ തുക | വസ്തു നികുതി ഡിമാ ന്റിൽ നിന്നും ഒഴിവാ ക്കപ്പെടുന്ന തുക |
|---|---|---|---|---|---|
| 1 | VIII/85 ഇ. ഡി മണി | 2/39088 26/10/2016 2015-16 2016-17 | 1184 | 2368 | 1,184 |
| 2 | VIII/98 പുഷ്പാംഗി | 4/39088 26/10/2016 2015-16 | 546 | 1092 | 546 |

| | | | | | |
|---|---|---|---|---|---|
| | | 2016-17 | | | |
| 3 | VIII/93<br>സുഷമ ഭായി | 7/39088<br>26/10/2016<br>2016-17 | 519 | 1038 | 519 |
| 4 | VIII/33<br>റോയി ജോസഫ് | 10/39088<br>28/10/2016<br>2016-17 | 13650 | 27300 | 13,650 |
| | ആകെ | | | | 15,899 |

മേൽ വിവരിച്ച പ്രകാരം രസീതുപ്രകാരം പിരിച്ച് ഒടുക്കവരുത്തിയതിലധികം തുക വരവ് വന്നതായി സഞ്ചയയിൽ(Advance collection) രേഖപ്പെടുത്തിയതിനാൽ 15,899/- രൂപ തൊട്ടടുത്ത വർഷത്തെ ഡിമാന്റിൽനിന്നും ഒഴിവാക്കപ്പെടുകയും നഷ്ടപ്പെടുകയും ചെയ്തു..

മാന്വൽ രസീതുപ്രകാരം വസ്തുനികുതി പിരിച്ചതിന്റെ സഞ്ചയ പോസ്റ്റിങ് നടത്തിയതിന്റെ സാംപിൾ പരിശോധനമാത്രമാണ് ഓഡിറ്റ് നടത്തിയത്. സഞ്ചയപോസ്റ്റിങിൽ വ്യത്യാസം കണ്ടെത്തിയ സാഹചര്യത്തിൽ മാന്വൽ രസീതുപ്രകാരം വസ്തുനികുതി ഈടാക്കിയതിന്റെ 100% സഞ്ചയപോസ്റ്റിങ് പരിശോധന നടത്തേണ്ടതും വ്യത്യാസം കാണുന്ന രസീതുകളുടെ പകർപ്പ് നികുതിദായകരിൽനിന്നും തിരികെ വാങ്ങി അസ്സലുമായി ഒത്തുനോക്കേണ്ടതുമാണ്.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/20-10-2017)വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല, 15,899/- രൂപയുടെ നഷ്ടം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 ലേല നിബന്ധനപ്രകാരമുള്ള പലിശ ഈടാക്കിയില്ല - 10,878/- രൂപയുടെ വരവുനഷ്ടം

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തുപരിധിയിൽ 2016-17 സാമ്പത്തികവർഷത്തേക്ക് വിവിധ ഇനങ്ങളുടെ കുത്തകഅവകാശം സംബന്ധിച്ച ലേലം 29/02/2016 ൽ നടക്കുകയുണ്ടായി. ലേല നോട്ടീസിലെ 5,6 നിബന്ധനകൾപ്രകാരം ലേല തുക 1,000/- രൂപ കവിയുന്ന സന്ദർഭങ്ങളിൽ തുക ഒടുക്കേണ്ട രീതി ചുവടെ ചേർക്കുന്നു.

1. ലേലം താത്കാലികമായി സ്ഥിരപ്പെടുത്തുമ്പോൾ = ലേല തുകയുടെ 25%

2. ലേലം പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുമ്പോൾ = ലേല തുകയുടെ 25%
(04/03/2016-ലെ II-ാം നമ്പർ തീരുമാനം)

3. 30/06/2016 ൽ = ലേല തുകയുടെ 25%

4. 30/09/2016 ൽ = ലേല തുകയുടെ 25%

മേൽ തീയതികളിൽ തുക ഒടുക്കുന്നതിൽ വീഴ്ച വന്നാൽ ലേലനിബന്ധന 22 പ്രകാരം 18% പലിശ ഈടാക്കേണ്ടതാണ്. എന്നാൽ ലേലനിബന്ധനപ്രകാരമുള്ള പലിശ ഈടാക്കാതിരുന്നതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

എ) ആയൂർ പബ്ലിക് മാർക്കറ്റിൽനിന്ന് ഗേറ്റ് ഫീസ്

ലേലതുക = 86,000/

ലേലതീയതി = 29/02/2016

കുത്തകക്കാരൻ = ശ്രീ.അലിയാസ് കുഞ്ഞ്

ഗഡു = 21,500

| പണം ഒടുക്കിയ തീയതി | രസീത് നമ്പർ | തുക | കാലതാമസം (ദിവസങ്ങൾ) | ഈടാക്കേണ്ടിയിരുന്ന പലിശ 18% | ഈടാക്കിയ പലിശ | കുറവ് |
|---|---|---|---|---|---|---|
| 29/02/2016 | 1150 410 4418 | 51,000 | 0 | | | |
| 11/11/2016 | 1160 410 4592 | 35,000 | 13500/- രൂപ 134 ദിവസവും<br>21500 രൂപ42 ദിവസവും | 1,337 | 0 | 1,337 |
| ആകെ | | 86,000 | | | | 1,337 |

ബി) ആയൂർ പബ്ലിക് മാർക്കറ്റിൽ മാട്ടിറച്ചി സ്റ്റാൾ

ലേലതുക = 3,90,000

ലേല തീയതി = 29/02/2016

കുത്തകക്കാരൻ = ശ്രീ.അബ്ദുൾ അസീസ്

ഗഡു = 97,500

| പണം ഒടുക്കിയ തീയതി | രസീത് നമ്പർ | തുക | കാലതാമസം (ദിവസങ്ങൾ) | ഈടാക്കേണ്ടിയിരുന്ന പലിശ | ഈടാക്കിയ പലിശ | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 29/02/2016 | 1150 410 4411 | 97,500 | 0 | | | |
| 28/04/2016 | 1160 410 0980 | 97,500 | 56 | 2,685 | | 2,685 |
| 30/07/2016 | 1160 410 5741 | 97,500 | 30 | 1,442 | | 1,442 |
| 04/01/2017 | 1160 410 5406 | 97,500 | 92 | 4,424 | | 4,424 |
| ആകെ | | 39000 | | | | 8,551 |

സി) <u>തടിക്കാട് ചന്തയിൽ മാട്ടിറച്ചി സ്റ്റാൾ</u>

ലേല തുക = 45,200

ലേല തീയതി = 29/02/2016

കുത്തകക്കാരൻ = ശ്രീ.ശശിധരൻപിള്ള

ഗഡു = 11,300

| പണം ഒടുക്കിയ തീയതി | രസീത് നമ്പർ | തുക | കാല താമസം (ദിവസ ങ്ങൾ) | ഈടാ ക്കേണ്ടി യിരുന്ന പലിശ | ഈടാ ക്കിയ പലിശ | കുറവ് |
|---|---|---|---|---|---|---|
| 29/02/2016 | 1150 410 4414 | 11,300 | 0 | | | |
| 28/04/2016 | 1160 410 0983 | 11,300 | 56 | 311 | | 311 |
| 30/07/2016 | 1160 410 5745 | 11,300 | 30 | 167 | | 167 |
| 04/01/2017 | 1160 410 5909 | 11,300 | 92 | 512 | | 512 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | | 45,200 | | | | 990 |

കുറവ് വന്ന 10,878/-രൂപ ബന്ധപ്പെട്ട കുത്തകക്കാരനിൽനിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-5 <u>വസ്തുനികുതി നിർണയച്ച് സഞ്ചയ ഡിമാന്റ് ചെയ്തതിൽ **994/-**രൂപയുടെ കുറവ്</u>

16/12/2015 ലെ സ.ഉ.(എം .എസ് ) നം. 358/15 പ്രകാരം വാർഷികവാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ളതും, അവസാനമായി നികുതി നിർണയിച്ചതിനുശേഷം കൂട്ടിച്ചേർക്കലുള്ളതും, 185 ച.മീറ്ററിലധികം തറവിസ്തീർണമുള്ളതുമായ വാസഗൃഹങ്ങൾക്ക് അപ്രകാരം കൂട്ടിച്ചേർക്കൽ വരുത്തിയ ഭാഗത്തിന് ആനുപാതികമായി പുതിയ നിരക്കിൽ നികുതി നിർണയിക്കേണ്ടതാണ്. എന്നാൽ സഞ്ചയസോഫ്റ്റ് വെയറിൽ അപ്രകാരം നികുതി നിർണയിക്കാത്തതിനാൽ 994/- രൂപ വസ്തുനികുതി ഇനത്തിൽ കുറവ് വന്നതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

കെട്ടിടം നം- XXII/347

ഉടമ- ശ്രീ.ജനാർദ്ദനൻ ആചാരി

നിലവിലുള്ള വിസ്തീർണം -73.67

പുതിയ നിർമ്മാണം -131.66

ആകെ -205.33

സഞ്ചയ പ്രകാരം 2017-18 ലെ ഡിമാന്റ് --74+60=80/-

<u>വസ്തുനികുതി നിർണയിക്കേണ്ട രീതി</u>

തറ വിസ്തീർണം- 131.66 x6 = 790

വർധനവ്(വഴി സൗകര്യം) = 158

-----

948

പഴയ കെട്ടിടത്തിന്റെ നികുതി 74

------

1022 +(ലൈ. സെസ്) 52=1,074

വസ്തുനികുതി നിർണയിച്ചതിലെ കുറവ് =994/-

വസ്തുനികുതി പുനർനിർണയിക്കേണ്ടതാണ്.

## 2-6 <u>സഞ്ചയ ഡിമാന്റ് പരിശോധിക്കാതെ വസ്തുനികുതി ഈടാക്കുന്നു - ഒഴിവാക്കപ്പെട്ട കുടിശ്ശിക കാലഹരണപ്പെടുന്നു</u>

സഞ്ചയ സോഫ്റ്റ്‌വെയറിലെ കുടിശ്ശിക ഡിമാന്റ് പരിശോധിക്കാതെ തൻവർഷ വസ്തുനികുതി ഈടാക്കുന്നതുമൂലം മുൻവർഷ കുടിശ്ശിക ഡിമാന്റ് ചെയ്യപ്പെടുന്നതിൽനിന്നും ഒഴിവാക്കപ്പെടുകയും കേരള പഞ്ചായത്ത് രാജ് 243 (1),(3) ലെ വ്യവസ്ഥകൾക്ക് വിധേയമായി കാലഹരണപ്പെടുകയും ചെയ്യുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നം. | കെട്ടിട നം | വസ്തു നികുതി ഈടാക്കിയ | | വസ്തു നികുതി ഈടാക്കാൻ അവശേഷിക്കുന്നതിൽ കാലഹരണപ്പെടുന്നത് | |
|---|---|---|---|---|---|
| | | വർഷം | തുക | വർഷം | തുക |
| 39/1024<br>22/03/2017 | XIII/154 | 2015-16<br>2016-17 | 9924 | 2013-14<br>രണ്ടാം അർദ്ധ<br>വർഷം | 477 |
| 62,65/39089<br>14/11/2016 | XIII/155 | 2015-16<br>2016-17 | 1946 | 2013-14<br>രണ്ടാം അർദ്ധ<br>വർഷം | 217 |
| 60/39096<br>04-01-2017 | II/603 | 2014-15<br>2015-16<br>2016-17 | 5535 | 2013-14 | 1,845 |
| 11604102914 /<br>16/08/2016 | I/595 | 2016-17 | 630 | 2013-14 | 630 |
| 21/1025<br>22-03-2017 | II/610 | 2016-17 | 651 | 2013-14 | 651 |
| 77/39100<br>17-03-2017 | III/269 | 2016-17 | 1263 | 2013-14 | 944 |

2016-17 വർഷം വസ്തുനികുതി ഈടാക്കിയതും 2013-14 സാമ്പത്തികവർഷം കുടിശ്ശികയുള്ളതുമായ തുകകൾ ഡിമാന്റുചെയ്ത് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടണം

ഡെപ്പോസിറ്റ് രജിസ്റ്റർപ്രകാരം 2005-06, 2006-07, 2009-10, 2011-12, 2012-13 വർഷങ്ങളിലെ ഡെപ്പോസിറ്റ് വരവുകൾ ബാധ്യതയായി നിലവിലുണ്ട്. 2005-06, 2006-07, 2009-10 എന്നീ വർഷങ്ങളിലെ ഡെപ്പോസിറ്റ് വരവുകൾ യഥാക്രമം

3,840/-രൂപ, 3,902/-രൂപ, 13,000/-രൂപ എന്നിവ മാർക്കറ്റ് സ്റ്റാളിൽ നിന്നുള്ളതാണ്. തെരുവുവിളക്ക് അറ്റകുറ്റപ്പണിയ്ക്കായി ലഭിച്ച നിരതദ്രവ്യവരവിനത്തിൽ 2011-12-ൽ 8,700/-രൂപയും 2012-13-ൽ 20,000/-രൂപയും 2013-14 ൽ 21,025/- രൂപയും വരവുണ്ട്. മാർക്കറ്റ് സ്റ്റാളിൽ ടി ഡെപ്പോസിറ്റ് തുക ഒടുക്കവരുത്തിയവർ നിലവിൽ തുടരുന്നില്ലെങ്കിൽ ടി തുകകളും മേൽ സൂചിപ്പിച്ച EMD തുകകളും പഞ്ചായത്തുഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 ഇ-ടെണ്ടർപ്രകാരം പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർഫാറവില നാളിതുവരെ ലഭിച്ചിട്ടില്ല

2016-17 സാമ്പത്തികവർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി നടത്തിയ ഇ-ടെണ്ടർപ്രകാരം പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർഫാറവില നാളിതുവരെ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | നടത്തിയ ഇ-ടെണ്ടറുകളുടെ എണ്ണം | ലഭിക്കേണ്ട തുക |
|---|---|---|
| 2015-16 | 2 | 2,100/- |
| 2016-17 | 6 | 39,740/- |
| ആകെ | 8 | 41,840 |

ടെണ്ടർ ഫാറവിലയിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുക രൂപ 41,840/- തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക സമയബന്ധിതമായി ചെലവഴിക്കാതിരുന്നതിനാൽ വൻ തുക നഷ്ടപ്പെട്ടു

സർക്കാർ ഉത്തരവ് (പി) 177/2016/ഫിൻ തീയതി 12-04-2006 പ്രകാരം ഒരോ വർഷത്തേയും സംസ്ഥാന ബജറ്റിൽ അംഗീകരിച്ച തുക സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും പിൻവലിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ചെലവഴിക്കാവുന്ന വിധത്തിൽ 10 തവണകളായി വർഷംതോറും നൽകിവന്നിരുന്നു. എന്നാൽ 21-03-2015ലെ ജി.ഒ(പി)119/2015/ഫിൻ അനുസരിച്ച് 2015-16 വർഷം മുതൽ ബജറ്റിൽ അംഗീകരിച്ച തുക മൂന്ന് അലോട്ട്മെന്റുകളായി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുകകൾ

സഞ്ചിതനിധിയിൽനിന്നും നേരിട്ട് ചെലവ് വൗച്ചറുകൾ മുഖേന പിൻവലിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതുമൂലം വർഷാവസാനം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തദ്ദേശസ്വയംഭരണസ്ഥാപനത്തിന് നഷ്ടമാകുന്നു. എന്നാൽ വർഷാവസാനം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സപ്ലിമെന്ററി ഡിമാന്റ് വഴി ട്രഷറി ഡയറക്ടർ നൽകുന്ന തുക പരിഗണിച്ച് ജൂലൈ മാസത്തിൽ നൽകുന്നതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ നാളിതുവരെ ഈ തുക സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടില്ല.

ജനറൽ പർപ്പസ് ഫണ്ട് ആകെ 12 ഗഡുക്കളായാണ് ലഭിക്കുന്നത്. 10,86,795/-രൂപ വീതം 11 ഗഡുക്കളായി ആകെ ലഭിച്ച തുക 1,195,4,745/-രൂപയാണ്. 12 ഗഡു ലഭിച്ചിരുന്നുവെങ്കിൽ ആകെ വരവ് 1,30,41,540/-രൂപ ആകുമായിരുന്നു. സ്രോതസ്സിൽ നിന്നും തുക കുറവ് വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം-10/20-10-2017 പ്രകാരം നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയില്ല.

വികസനപദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തിന് വിവിധ ഗ്രാന്റിനങ്ങളിൽ സംസ്ഥാന ബജറ്റ് വിഹിതമായി തൻവർഷം അനുവദിച്ച് നല്കിയ 1,32,00,637/-രൂപ ചെലവഴിക്കപ്പെട്ടിട്ടില്ല. 2016-17 സാമ്പത്തികവർഷത്തിൽ നഷ്ടമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ലഭ്യമായ തുക (ബജറ്റ് അലോട്ട്മെന്റ് പ്രകാരം ലഭിച്ച തുക) | ചെലവഴിച്ച തുക (വാർഷിക ധനകാര്യ പത്രിക പ്രകാരം) | ചെലവ് ശതമാനം | നഷ്ടം |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 1,94,98,688 | 1,54,08,815 | 79 | 40,89,873 |
| എസ്.സി.പി | 87,68,538 | 76,51,007 | 87 | 11,17,531 |
| ലോകബാങ്ക് ധനസഹായം | 22,93,382 | 19,45,790 | 84 | 3,47,592 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1,09,35,187 | 47,97,654 | 44 | 61,37,533 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 69,08,847 | 16,66,607 | 24 | 52,42,240 |
| സംരക്ഷണ ഗ്രാന്റ് | 52,27,335 | 30,17,445 | 58 | 2,09,890 |

| | | | | |
|---|---|---|---|---|
| (റോഡിതരം) | | | | |
| ആകെ | 5,36,31,977 | 3,44,87,318 | 64 | 1,91,44,659 |

സർക്കാരിൽനിന്ന് ലഭ്യമായ ഗ്രാന്റുകൾ വിനിയോഗിക്കുവാൻ സാധ്യമാകുംവിധത്തിൽ വാർഷികപദ്ധതി തയ്യാറാക്കി ഫണ്ടുകൾ വകയിരുത്തിയെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾമൂലമാണ് ചെലവഴിക്കാൻ കഴിയാതെവന്നത്. മേൽ വിഷയത്തിൻമേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-2 ഏറ്റവും കുറഞ്ഞനിരക്കുകൾ അംഗികരിക്കാതെ വാങ്ങൽ നടത്തിയിരിക്കുന്നു

ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിന് കസേരവാങ്ങൽ (പ്രോജക്ട് നം-119/16-17), ഗ്രാമകേന്ദ്രങ്ങൾക്ക് കസേരവാങ്ങൽ (പ്രോജക്ട് നം-168/16-17) എന്നീ പദ്ധതികൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ച പരസ്യത്തിൽ യഥാക്രമം "Plastic Chair without arm,Plastic chair with arm എന്നാണ് സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയിരുന്നത്. മേൽ പരസ്യം പ്രകാരം ലഭിച്ച ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞനിരക്കുകൾ അംഗികരിക്കാതെ വാങ്ങൽ നടത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിന് പ്ലാസ്റ്റിക്ക് കസേരവാങ്ങൽ (പ്രോജക്ട് നം-119/16-17) എന്ന പദ്ധതിയ്ക്കായി ക്ഷണിച്ച ടെണ്ടറിൽ വിവിധ സ്ഥാപനങ്ങൾ രേഖപ്പെടുത്തിയ നിരക്ക് ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | കസേര | നിരക്ക് |
|---|---|---|
| പ്ലാസാ എന്റർപ്രൈസസ്സ് | നീൽകമൽ പ്ലാസ്റ്റിക്ക് ചെയർ -4002 | 407 |
| ഗ്രീൻഫെയർ മാർക്കറ്റിംഗ് | ചെയർമാൻ-2010 | 360 |
| | സെല്ലൊ | 390 |
| | ചെയർമാൻ-1100/1200 | 340 |
| | നീൽകമൽ പ്ലാസ്റ്റിക്ക് ചെയർ -4002 | 410 |
| | ഫ്രണ്ട് ലി-2001 | 195 |
| തമ്പുരാൻകാലായിൽ | നീൽകമൽ പ്ലാസ്റ്റിക്ക് ചെയർ -4002 | 413 |
| | ഫ്രണ്ട് ലി-2001 | 205 |
| ശ്രീഭദ്ര ഫർണീച്ചർപാലസ് | നീൽകമൽ പ്ലാസ്റ്റിക്ക് ചെയർ -4002 | 405 |
| | ഫ്രണ്ട് ലി- | 210 |
| | അരിസ് | 365 |

ഫ്രണ്ട് ലി-2001 എന്ന കസേര ഒരെണ്ണത്തിന് ഗ്രീൻഫെയർ മാർക്കറ്റിംഗ് രേഖപ്പെടുത്തിയ 195/-രൂപയാണ് ഏറ്റവും കുറഞ്ഞനിരക്ക്. എന്നാൽ അതുൾപ്പെടെയുള്ള മറ്റ് കമ്പനികളുടെ നിരക്കുകൾ പരിഗണിക്കാതെ നീൽകമൽ എന്ന കമ്പനിയുടെ 405/-രൂപ നിരക്കിലുള്ള കസേരയാണ് വാങ്ങിയിരിക്കുന്നത്. 180 കസേരകൾ വാങ്ങിയതിന് തനത്ഫണ്ടിൽ നിന്നും 72,900/-രൂപ ചെക്ക് നം. 800932/31.3.17 പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

2)ഗ്രാമകേന്ദ്രങ്ങൾക്ക് കസേര വാങ്ങൽ (പ്രോജക്ട് നം-168/16-17) എന്ന പദ്ധതിയ്ക്കായി ക്ഷണിച്ച ടെണ്ടറിൽ വിവിധ സ്ഥാപനങ്ങൾ രേഖപ്പെടുത്തിയ നിരക്ക് ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | കസേര | നിരക്ക് |
|---|---|---|
| പ്ലാസാ എന്റർപ്രൈസസ്സ് | നീൽകമൽ പ്ലാസ്റ്റിക്ക് ചെയർ -2071 | 417 |
| ഗ്രീൻഫെയർ മാർക്കറ്റിംഗ് | ചെയർമാൻ-ഡീലക്സ് | 570 |
| | ചെയർമാൻ-3010 | 430 |
| | നീൽകമൽ പ്ലാസ്റ്റിക്ക് ചെയർ -2036 | 525 |
| | ഫ്രണ്ട് ലി-എക്സിക്യൂട്ടീവ് | 360 |
| തമ്പുരാൻകാലായിൽ | നീൽകമൽ പ്ലാസ്റ്റിക്ക് ചെയർ -2036 | 568 |
| | നീൽകമൽ പ്ലാസ്റ്റിക്ക് ചെയർ -2071 | 408 |
| | ഫ്രണ്ട് ലി-2071 | 384 |
| ശ്രീഭദ്ര ഫർണീച്ചർപാലസ് | നീൽകമൽ പ്ലാസ്റ്റിക്ക് ചെയർ -20 | 430 |
| | നീൽകമൽ പ്ലാസ്റ്റിക്ക് ചെയർ -2160 | 478 |
| | ഫ്രണ്ട് ലി- | 225 |
| | അരിസ് | 420 |

ശ്രീഭദ്ര ഫർണീച്ചർ പാലസ് രേഖപ്പെടുത്തിയ 225/-എന്ന നിരക്ക് പരിഗണിക്കാതെ 417/-രൂപ നിരക്കിൽ പ്ലാസ എന്റർപ്രൈസസിൽനിന്നും 110 കസേരകൾ വാങ്ങുന്നതിനായി 45,870/- രൂപ തനതുഫണ്ടിൽനിന്നും ചെക്ക് നം.800933/31.317 പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

കസേരകളുടെ ഗുണനിലവാരം കുറവായതിനാൽ കുറഞ്ഞനിരക്കിലുള്ള കസേരകൾ പരിഗണിക്കാതെ നീൽകമലിന്റെ കസേരകൾ വാങ്ങുന്നതിനായി പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയായിരുന്നു. എന്നാൽ മറ്റ് കസേരകളുടെ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽവിവരം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/20-10-2017) മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടിക്രമങ്ങൾ പാലിക്കാതെ ഉയർന്നനിരക്കിലുള്ള കസേര വാങ്ങിയ ചെലവ് രൂപ 1,18,770/-(72900/-,45870/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ഗ്രാമകേന്ദ്രങ്ങൾക്കായി വാങ്ങിയ കസേരകൾ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 വിനിയോഗവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണം നടത്തിയ ചുവടെ സൂചിപ്പിക്കുന്ന പ്രവൃത്തികളുടെ വിനിയോഗവിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടി പ്രവൃത്തികൾക്കായി ചെലവഴിച്ച 4,93,918/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്ട് നം -പേര് | നിർവ്വഹണം നടത്തിയ ഉദ്യോഗസ്ഥൻ | ഫണ്ട് - | ചെലവഴിച്ച തുക | തുക കൈപ്പറ്റിയ സ്ഥാപനം | അഭി പ്രായം |
|---|---|---|---|---|---|---|
| 1 | 37/16-17 അടിയന്തിര പ്രാധാന്യമുള്ള പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | സെക്രട്ടറി | തനത് ഫണ്ട്- | 1,13,918/- | കെ.എസ്. ഇ.ബി- അഞ്ചൽ, ആയൂർ,വാളകം | പ്രവൃത്തിയുടെ പൂർത്തീകരണ വിശദാംശങ്ങളും തുകയുടെ വിനിയോഗ വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കി യിട്ടില്ല. |
| 2 | 73/16-17 പി.എം.എ. വൈ- | അസിസ്റ്റന്റ് സെക്രട്ടറി | വികസന ഫണ്ട് 01/16-17 | 3,80,000/- | പി.ഡബ്ലി യു.ഡി | പ്രവൃത്തിയുടെ പൂർത്തീകരണ വിശദാംശങ്ങളും |

| | | | | | | |
|---|---|---|---|---|---|---|
| | വിഹിതം | | /15-02-17 | | ഇലക്ട്രിക്കൽ വിഭാഗം<br>കൊല്ലം | തുകയുടെ വിനിയോഗ വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കി യിട്ടില്ല. |
| | ആകെ | | | 4,93,918/- | | |

മേൽ സൂചിപ്പിച്ച പ്രവൃത്തികളുടെ പൂർത്തീകരണ/വിനിയോഗവിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 കന്നുകുട്ടി പരിപാലനംപദ്ധതി -വിനിയോഗരേഖകൾ ലഭ്യമാക്കാത്തത്

പ്രോജക്റ്റ് നം എസ്.ഒ.083/17

നിർവ്വഹണോദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ.

പദ്ധതി വിഹിതം-വികസനഫണ്ട് (ജനറൽ)-3,12,500/-

സംസ്ഥാന വിഹിതം-3,12,500/-.

ചെലവഴിച്ച തുക-3,12,500/-(ബിൽ നം 13/29-3-17)

മേൽ പദ്ധതിപ്രകാരം 50 ഗുണഭോക്താക്കൾക്ക് കന്നുകുട്ടി ഒന്നിന് 6,250/- രൂപസബ്സിഡി നിരക്കിൽ (പഞ്ചായത്ത് വിഹിതം)3,12,500/- കാഫ് ഫീഡ് അസിസ്റ്റന്റ്ഡയറക്ടർ ,കൊല്ലം പേർക്ക് നൽകിയിട്ടുണ്ട്. കന്നുകുട്ടികളെ എൻറോൾ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും തുക വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(2/12-10-17) പദ്ധതി ആരംഭസ്ഥിതിയിലാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പൂർണ്ണമായ വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽപദ്ധതിക്ക് വേണ്ടി ചെലവഴിച്ച 3,12,500/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 എസ്.എസ്.എ.വിഹിതം- ധനവിനിയോഗരേഖകൾ ലഭ്യമാക്കിയില്ല.

പ്രോജക്ട് നം.എസ്.137/17
എസ്.എസ്.എ(എസ്.സി.പി) 3,00,000/-
(ബിൽ നം1/19-12-16)

പ്രോജക്ട് നം – എസ്.136/17
എസ്.എസ്.എ(ജനറൽ) 12,00,000/-
(ബിൽ നം2/19-12-16)

നിർവ്വഹണോദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ്

മേൽ പദ്ധതി പ്രകാരം സർവശിക്ഷാഅഭിയാന് നൽകുന്നതിനുള്ള വിഹിതമായ

15,00,000/- (12,00,000+3,00,000)രൂപ നല്കിയിട്ടുണ്ടെങ്കിലും തുകയുടെ ധനവിനിയോഗസർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. 2016-17 ലേക്കുള്ള വിഹിതം ആവശ്യപ്പെട്ടു കൊണ്ടുള്ള ഫിനാൻഷ്യൽ പ്രൊപ്പോസലും ഹാജരാക്കിയിട്ടില്ലാത്തതിനാൽ എസ്.എസ്.എ.യിൽനിന്നും ആവശ്യപ്പെട്ടിട്ടുള്ള തുക തന്നെയാണോ നല്കിയിരിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടിട്ടില്ല. അനുബന്ധരേഖകളുടെ അഭാവത്തിൽ മേൽപദ്ധതിക്കുവേണ്ടി ചെലവഴിച്ച 15,00,000/- (12,00,000+3,00,000) രൂപ തടസ്സപ്പെടുത്തുന്നു. എസ്.എസ്.എ.യിൽനിന്നുള്ള ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 തെങ്ങ് കയറ്റയന്ത്രം വാങ്ങൽ -വ്യക്തികൾക്ക് സബ്സിഡി നല്കി

നിർവ്വഹണോദ്യോഗസ്ഥൻ – കൃഷി ഓഫീസർ
പ്രോജക്ട് നം. 84/17
ചെലവഴിച്ച തുക 13,500/- (വികസനഫണ്ട്)
ബിൽ നം10/28-3-17)

2016-17 ലേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖയിൽ ( G.o(ms) 4/16 lsgd 11.1.16) തെങ്ങ് കയറ്റയന്ത്രം വാങ്ങുന്നതിന് സമിതികൾക്കും സംഘടനകൾക്കുംമാത്രമാണ് സബ്സിഡി നല്കാവുന്നതെന്നും വ്യക്തികൾക്ക് സബ്സിഡി നല്കാൻ പാടില്ല എന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മേൽപദ്ധതി ഫയൽപ്രകാരം ഗുണഭോക്തൃലിസ്റ്റിലുൾപ്പെട്ട (ഗുണഭോക്തൃലിസ്റ്റിലും വ്യക്തികളുടെ പേരും വിലാസവുമാണ് ചേർത്തിരിക്കുന്നത്) 6 വ്യക്തികൾക്ക് 2,250/ രൂപ നിരക്കിൽ (വിലയുടെ 75%) 13,500/- രൂപ തെങ്ങ് കയറ്റയന്ത്രം വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. മേൽവിഷയം സൂചിപ്പിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (6/13-10-17) മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 15 ഖ.2.2ൽ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഏതെങ്കിലും ഇനത്തിനോ, ഓരോ ഇനത്തിനും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നല്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും മുൻകൂർ അനുമതി ലഭിച്ച ശേഷമേ പ്രോജക്റ്റ് തയ്യാറാക്കാവൂ എന്നും വ്യക്തമാക്കുന്നുണ്ട്. സബ്സിഡി മാർഗ്ഗരേഖാനിർദ്ദേശം പാലിച്ചിട്ടില്ലാത്തതിനാൽ തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-7 പാലിയേറ്റീവ് കെയർ പദ്ധതി മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കാത്തത് സംബന്ധിച്ച്

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)) നിർവഹണ ഉദ്യോഗസ്ഥയായി 2016-17 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പദ്ധതി (പ്രോജക്ട് നം. 069/17) വഴി മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇതുവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മേൽപദ്ധതിവഴി മരുന്നവാങ്ങുന്നതിനായി 3,97,300/- ചുവടെ ചേർക്കുന്ന വിവിധസ്ഥാപനങ്ങളിലേക്ക്

ഒടുക്കവരുത്തിയിട്ടുണ്ടെങ്കിലും മരുന്നുകൾ ഇതുവരെ ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| തുക | തുക ഒടുക്കിയ സ്ഥാപനം | ബിൽ നം/തീയതി |
|---|---|---|
| 26,000/- | ഔഷധി | 4/25-2-17,1,76,000/- |
| 50,000/- | ഹോംകോ | 4/25-2-17,1,76,000/- |
| 75,000/ | " | 9/27-3-17 1,75,000/- |
| 1,00,000/ | കെ.എം.എസ്.സി.എൽ | " |
| 46,300/- | " | 8/27-3-17 ,78,200/- |
| 1,00,000/ | " | 4/25-2-17,1,76,000/- |
| ആകെ-3,97,300/- | | |

മരുന്നുകളും ഉപകരണങ്ങളും പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവുതുക 3,97,300/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതികളുടെ പരിശോധന

ഗ്രാമപഞ്ചായത്തിൽ ലേഡിവില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ ഒരു ചെലവുരേഖകളും (പദ്ധതിഫയൽ, ഗുണഭോക്തൃലിസ്റ്റ്, ബിൽബുക്ക് , ബാങ്ക് പാസ്സ് ബുക്ക് , തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ മുതലായവ ) ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. എക്സ്പെൻഡിച്ചർസ്റ്റേറ്റ്മെന്റ്പ്രകാരമുള്ള ചെലവുവിവരം, പദ്ധതിയുടെ വിവരം എന്നിവ ചുവടെ ചേർക്കുന്നു. ചെലവുരേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ്റിക്വിസിഷൻ നല്കിയെങ്കിലും (നം 1/12-10-17) രേഖകൾ ഹാജരാക്കിയിട്ടില്ല.

| പദ്ധതിയുടെ പേര് , | ചെലവഴിച്ച തുക |
|---|---|
| ഗാർഹിക കക്കൂസ് നിർമ്മാണം | 28,64,400 |

| | |
|---|---|
| (പൊതു) നം.2/17 | |
| " 3/17 | 12,00,000/- |
| ആകെ | 40,64,400/- |

രേഖകൾ ഹാജരാക്കാത്തതിനാൽ മേൽപദ്ധതിക്കുവേണ്ടി ചെലവഴിച്ചതുക തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം-4

### പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 22,500 | നെൽകൃഷി വികസനം(4/17) | 22,500 | 0 |
| | | 2,47,500 | പാലിന് സബ്സിഡി(112/17) | 2,47,500 | 0 |
| | | 1,72,075 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (148/17) | 1,72,075 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 37,500 | നെൽകൃഷി വികസനം(4/17) | 37,500 | 0 |
| | | 1,72,075 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള | 1,72,075 | 0 |

| | | | | |
|---|---|---|---|---|
| | | സ്കോളർഷിപ്പ്(148/17) | | |

**4-2** ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂഗർഭജല വകുപ്പ് | കണിക്കോണം കുടിവെള്ള പദ്ധതി (S156/17) | TSB ACCOUNT-703011400000063 | 52,448 | 52,448 | 0 |

**4-3** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

**4-4** വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

**4-5** സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,50,000 |
| തൻവർഷം നിക്ഷേപിച്ച തുക | 50,875(പലിശ) |
| ആകെ | 6,00,875 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6,00,875 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എസ്.സി.ബി അറക്കൽ- | 6,00,875 |

| | |
|---|---|
| അക്കൗണ്ട് നം-9498 | |
| ആകെ | 6,00,875 |

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | 3-4 | 10,963/- | മുരളീധരൻനായർ അസിസ്റ്റന്റ് എഞ്ചിനീയർ | 11604101953/ 13-06-16 |
| 2011-12&2012-13 | 3-8 | 15,939/- | ദിനേശ്കുമാർ അസിസ്റ്റന്റ് എഞ്ചിനീയർ | 11604101404/ 18-05-16 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,80,88,092 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,87,46,761 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,632 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 69,00,388 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നത് | സർചാർജ് | പേര് |
|---|---|---|---|

| | | | |
|---|---|---|---|
| 2-2 | 313 | | മുഹമ്മദ് ഷാൻ (എൽ.ഡി.സി) |
| | 1,319 | | ലിഗേഷ്.ജെ (എൽ.ഡി.സി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1,18,770 | ശ്രീ.സഞ്ജയൻ.എസ് സെക്രട്ടറി |
| 3-3 | 4,93,918 | ശ്രീ.സഞ്ജയൻ.എസ് സെക്രട്ടറി(1,13,918) |
| | | ശ്രീമതി.എ.ലത അസിസ്റ്റന്റ് സെക്രട്ടറി(3,80,000) |
| 3-4 | 3,12,500 | ഡോ.കെ.ആർ.സന്തോഷ് വെറ്ററിനറി സർജൻ |
| 3-5 | 15,00,000 | എച്ച്.എം, ഗവ.എൽ.പി.സ്കൂൾ, ഇടമുളയ്ക്കൽ |
| 3-6 | 13,500 | ശ്രീമതി.ഗ്രീഷ്മ.എസ് കൃഷി ഓഫീസർ |
| 3-7 | 3,97,300 | ഡോ.അജിതാകുമാരി.കെ.പി, മെഡിക്കലാഫീസർ |
| 3-8 | 40,64,400 | ശ്രീമതി.ജാൻസി.എസ് വി.ഇ.ഒ ഇടമുളയ്ക്കൽ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-3

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ലഭ്യമല്ല.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1988-89 | എൽ.എഫ്.ക്യൂ.പി4/1360/ 14(2) തീയതി 23.06.14 |
| 1989-90<br>1990-91 | എൽ.എഫ്.ക്യൂ.പി4/1360/ 14(3) തീയതി 23.06.14 |
| 1991-92 | എൽ.എഫ്.ക്യൂ.പി4/1360/ 14(4) തീയതി 23.06.14 |
| 1992-93<br>1993-94 | എൽ.എഫ്.ക്യൂ.പി4/1360/ 14(5) തീയതി 23.06.14 |
| 1994-95<br>1995-96 | എൽ.എഫ്.ക്യൂ.പി4/1360/ 14(6) തീയതി 23.06.14 |
| 1996-97 | എൽ.എഫ്.ക്യൂ.പി4/1360/ 14(7) തീയതി 23.06.14 |
| 1997-98 | എൽ.എഫ്.ക്യൂ.പി4/1360/ 14(8) തീയതി 23.06.14 |
| 1998-99 | എൽ.എഫ്.ക്യൂ.പി4/1360/ 14(9) തീയതി 23.06.14 |
| 1999-00 | എൽ.എഫ്.ക്യൂ.പി4/1360/ 14(10) തീയതി 23.06.14 |
| 2000-01 | എൽ.എഫ്.ക്യൂ.പി4/1360/14(11) തീയതി 23.06.14 |
| 2001-02 | എൽ.എഫ്.ക്യൂ.പി4/1360/ 14(12) തീയതി 23.06.14 |
| 2002-03 | എൽ.എഫ്.ക്യൂ.പി4/1360/14(13) തീയതി 23.06.14 |
| 2003-04 | എൽ.എഫ്.ക്യൂ.പി4/1360/ 14(14) തീയതി 23.06.14 |

| | |
|---|---|
| 2004-05 | എൽ.എഫ്.ക്യു.പി4/1360/14(15) തീയതി 23.06.14 |
| 2005-06 | എൽ.എഫ്.ക്യു.പി4/1360/14(15) തീയതി 23.06.14 |
| 2006-07 | എൽ.എഫ്.ക്യു.പി4/1360/ 14(17) തീയതി 23.06.14 |
| 2007-08 | എൽ.എഫ്.ക്യു.പി4/1392/ 14(1) തീയതി 24.06.14 |
| 2008-09 | എൽ.എഫ്.ക്യു.പി4/1406/13 തീയതി 03.09.13 |
| 2009-10 | എൽ.എഫ്.ക്യു.പി.4/782/2013 തീയതി 30.04.14 |
| 2010-11 | എൽ.എഫ്.ക്യു.പി.4/783/2012 തീയതി 28.01.13 |
| 2011-12& 2012-13 | എൽ.എഫ്.ക്യു.പി.4/393/14 തീയതി 15-05-14 |
| 2013-14& 2014-15 | കെ എസ് എ -കെഎൽ എം/ പി4/ 2211/ 15 തീ 19-12-15 |
| 2015-16 | കെ എസ് എ -കെഎൽ എം/ പി4/ 1843/16 തീ 05-01-2017 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, കൊല്ലം

## 4-10

സാക്ഷ്യപത്രം

നം.കെ.എസ്.എ.കെ.എൽ.എം.-പി 1-1955/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി-21/12/2017.

*സാക്ഷ്യപത്രം 2016-17*

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷികധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.